## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7299** — **14.07.2014- ലെ മറുപടിക്ക്**

### പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നിർവ്വഹണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. അൻവർ സാദത്ത്:**<br>**ശ്രീ. ലൂഡി ലൂയിസ്:**<br>**ശ്രീ. എം.എ. വാഹിദ്:**<br>**ശ്രീ. കെ. ശിവദാസൻ നായർ:** | | **ശ്രീ. കെ. സി. ജോസഫ്**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് പദ്ധതി നിർവ്വഹണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിർവ്വഹിക്കുവാൻ പ്ലാനിംഗ് ബോർഡിൽ ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ)<br>(ബി)<br>(സി) | സംസ്ഥാനത്ത് പദ്ധതി നിർവ്വഹണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിർവ്വഹിക്കുന്നതിനായി പ്ലാനിംഗ് ബോർഡിൽ പ്രത്യേക സംവിധാനങ്ങൾ ഒന്നും ഒരുക്കിയിട്ടില്ല. എന്നാൽ 5 കോടി രൂപയ്ക്കുമേൽ അടങ്കലുള്ള എല്ലാ പ്രോജക്ടുകൾക്കും പൊതു സ്വകാര്യ പങ്കാളിത്തമടക്കമുള്ള ബജറ്റിതര അധിക വിഭവ സമാഹരണ സാദ്ധ്യതകൾ പരിശോധിക്കുകയും അവയുടെ സാങ്കേതികവും ധനപരവുമായ പ്രായോഗികത വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി സംസ്ഥാന ആസൂത്രണ ബോർഡിൽ ഒരു പ്രോജക്ട് ഫിനാൻസിംഗ് സെൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിനായി ആസൂത്രണ ബോർഡിൽ സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | | |
| (സി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | | |
| (ഡി) പദ്ധതി നിർവ്വഹണം നിരീക്ഷിക്കുവാനും ആവശ്യമുള്ളപ്പോൾ തുക വിനിയോഗിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് സെല്ലിന്റെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ? | (ഡി) | പദ്ധതി നിർവ്വഹണം നിരീക്ഷിക്കൽ, തുക വിനിയോഗിക്കൽ എന്നിവയൊന്നും പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ ചുമതലകളല്ല. |

സെക്ഷൻ ഓഫീസർ.